<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6049</u> <u>09-07-2024 - ൽ മറുപടിയ്ക്ക്</u>

<u>കയർ മേഖലയിലെ വൈവിധ്യവല്ക്കരണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയർ മേഖലയിലെ വൈവിധ്യവല്ക്കരണം ശക്തിപ്പെടുത്തുവാനും പ്രസ്തുത മേഖലയിൽ തൊഴിലെടുക്കുന്നവരുടെ തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കയർ മേഖലയിലെ വൈവിധ്യവല്ക്കരണം ശക്തിപ്പെടുത്തുന്നതിനായി യന്ത്രവത്കരണത്തിലൂടെ ഉൽപ്പാദനക്ഷമത വർധിപ്പിച്ചും വിപണി മൂല്യമുള്ള നവീന ഡിസൈനുകളിലും നൂതന സാങ്കേതിക വിദ്യയിലും ഉൽപ്പന്നങ്ങൾ നിർമ്മിച്ചെടുക്കാൻ പരമ്പരാഗത കയർ തൊഴിലാളികളെ പ്രാപ്തമാക്കും വിധം നൈപുണ്യ വികസന/ പരിശീലന പരിപാടികൾ സംഘടിപ്പിച്ചും പുരോഗതി കൈവരിക്കാൻ ശ്രമിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ ഭോപാലുമായി ചേർന്ന് കയർ കോർപറേഷൻ, പരമ്പരാഗത കയർ തൊഴിലാളികൾക്ക് പരിശീലനം നൽകിവരുന്നുണ്ട്. ഇതോടൊപ്പം കയർ ഭൂവസ്ത്രത്തിന്റെ നിർമ്മാണവും വിപണനവും കയർ കോർപറേഷൻ, കയർഫെഡ്, ഫോമിൽ എന്നീ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്തിവരുന്നു. കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 2023-24സാമ്പത്തിക വർഷം ദേശീയ തൊഴിൽ ഉറപ്പ് പദ്ധതിയിലൂടെ 58 ലക്ഷം ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രം സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിൽ വിതരണം ചെയ്തു. കയർ ഭൂവസ്ത്രത്തിന്റെ കൂടുതൽ സാദ്ധ്യതകൾ തേടുന്നതിന്റെ ഭാഗമായി ഒഡിഷയിലെ ഖനികളിൽ കയർ ഭൂവസ്ത്രം വിതാനിക്കുന്ന പൈലറ്റ് പ്രൊജക്റ്റ് കയർ കോർപറേഷൻ നടപ്പിലാക്കി. കയർ ഉൽപ്പന്നങ്ങളുടെ വിപണന സാധ്യത വർധിപ്പിക്കുന്നതിന്റെ ഭാഗമായി കയർ കോർപറേഷൻ, അന്താരാഷ്ട്ര വ്യാപാര ശൃംഖലയായ വാൾമാർട്ടുമായി സഹകരിച്ചു വരുന്നു. ഈ സർക്കാരിന്റെ കാലത്ത് ഇൻകം സപ്പോർട്ട് സ്കീമിൽ 45.9 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.<br><br>പ്രസ്തുത മേഖലയിൽ നിലവിൽ ഏകദേശം **21000** തൊഴിലാളികൾ ജോലി ചെയ്തു വരുന്നുണ്ട്. അവർക്ക് പ്രതിവർഷം ശരാശരി **120** തൊഴിൽ ദിനങ്ങൾ ലഭിക്കുന്നുണ്ട്. പരമ്പരാഗത കയർ ഉൽപ്പന്നങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | പുറമേ ചകിരിച്ചോറിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് കയർഫെഡ് വിപണനം ചെയ്യുന്നുണ്ട്. മറ്റ് ചകിരി ഉൽപ്പാദക യൂണിറ്റുകളിലും ഇത്തരം സാദ്ധ്യതകൾ പ്രോത്സാഹിപ്പിച്ച് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുവാൻ കഴിയുന്നതാണ്. |
| (ബി) | ചകിരിച്ചോറിന്റെയും ഉണക്കത്തൊണ്ടിന്റെയും മൂല്യവർദ്ധിത ഉല്പന്നങ്ങൾ വഴി തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കാൻ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ? | (ബി) | ചകിരിച്ചോറിൽ നിന്നും കോകോഫെർട്ട്, ഇനോകുലേറ്റഡ് പിത്ത്, പിത്ത് ബ്രികറ്റ് മുതലായ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് കയർഫെഡ് വിപണനം ചെയ്യുന്നുണ്ട്. വിപണിയിലെ ആവശ്യകത വിലയിരുത്തി മറ്റ് ചകിരി ഉൽപ്പാദക യൂണിറ്റുകളിലും സമാനമായ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും അതുവഴി തൊഴിൽ ദിനങ്ങൾ വർധിപ്പിക്കുന്നതിനുമുള്ള സാധ്യത പരിശോധിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ